*സ്വാമി ശരണം*

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 2016-17 വർഷത്തെ കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കി ലഭ്യമാക്കാത്ത സംഗതി - വീഴ്ചക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2573/03/Est-I** നന്തൻകോട്, 26/07/2019

---

പരാമർശം :- 1) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 22-05-2018 ലെ DA 6393/18/B-1 നമ്പർ സർക്കുലർ.

2) 15-06-2019 ലെ ROC 2573/03/Est-1 (i) നമ്പർ ബോർഡുത്തരവ്.

3) 04-07-2019 ലെ ROC 5600/12/Est-1 (i), ROC 5600/12/Est-1 (ii) നമ്പർ ബോർഡുത്തരവുകൾ.

4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 09-07-2019 ലെ DA 6393/18/B-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2016-17 വർഷത്തെ കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കി ലഭ്യമാക്കുന്നതിന് പരാമർശം 1 സർക്കുലർ പുറപ്പെടുവിച്ച് ഒരു വർഷം പിന്നിട്ടിട്ടും കണക്കുകൾ സമർപ്പിക്കാതിരുന്ന ആഫീസ്/സ്ഥാപനങ്ങളുടെ മേധാവികൾക്ക് രണ്ടാഴ്ചയ്ക്കകം കണക്കുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി പരാമർശം 2 ബോർഡുത്തരവ് പുറപ്പെടുവിച്ചു.

ബോർഡ് നിശ്ചയിച്ച സമയപരിധി കഴിഞ്ഞിട്ടും ചുവടെ ചേർത്തിട്ടുള്ള ആഫീസുകളിൽ നിന്നും കണക്കുകൾ ലഭിച്ചിട്ടില്ലാത്തതായി വിവരം ലഭിച്ചു.

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, കൊല്ലം ഗ്രൂപ്പ്
2. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, കൊട്ടാരക്കര ഗ്രൂപ്പ്
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, കരുനാഗപ്പള്ളി ഗ്രൂപ്പ്
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ഏറ്റുമാനൂർ ഗ്രൂപ്പ്
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, വൈക്കം ഗ്രൂപ്പ്
6. എക്സിക്യൂട്ടീവ് ആഫീസ്, ശബരിമല

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

*(മറുപുറം)*

ഡബിൾ എൻട്രി കണക്കുകൾ തയ്യാറാക്കി സമർപ്പിക്കുന്ന വിഷയം ബഹു: ഹൈക്കോടതിയുടെ പരിഗണനയിലുള്ളതും, കണക്കുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിന്നും ആവർത്തിച്ച് കത്തുകൾ നൽകിയിട്ടും, ബോർഡിൽ നിന്നും നിർദ്ദേശം നൽകിയിട്ടും കണക്കുകൾ സമർപ്പിക്കാതിരിക്കുന്നത് ബോർഡ് ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നവരുടെ പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതായി ബോർഡ് വിലയിരുത്തി.

ഈ വിധ സാഹചര്യങ്ങളിൽ ചുവടെ വിവരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

- **മേൽ പരാമർശിച്ചിട്ടുളള ഗ്രൂപ്പ്/ആഫീസുകളിലെ 2016-17 ലെ ഡബിൾ എൻട്രി കണക്കുകൾ തയ്യാറാക്കി ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ സമർപ്പിക്കുന്നതുവരെ ടി ആഫീസ് മേധാവികളുടെ ശമ്പളം ചെലവെഴുതുന്നത് തടഞ്ഞ് ഉത്തരവാകുന്നു. ടി ആഫീസ് മേധാവികൾ പരാമർശം 3 പ്രകാരം പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറിപോയിട്ടുണ്ടെങ്കിൽ കണക്കുകൾ ലഭിക്കുന്നതുവരെ ടിയാളുകൾക്ക് Pay slip നൽകേണ്ടതില്ലായെന്ന് ഉത്തരവാകുന്നു.**
- **ടി ആഫീസുകളിലെ നിലവിലെ ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നിവരുടെ ശമ്പളം ചെലവെഴുതുന്നത് തടഞ്ഞും ടി ആളുകൾ പൊതു സ്ഥലംമാറ്റത്തിൽ സ്ഥലംമാറി പോകുന്നുവെങ്കിൽ കണക്കുകൾ തയ്യാറാക്കി സമർപ്പിക്കാതെ ടിയാളുകളുകൾക്ക് last pay certificate നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചും ഉത്തരവാകുന്നു.**
- **ടി ആഫീസുകളിലെ 2016-17 ലെ ഡബിൾ എൻട്രി കണക്കുകൾ ശരിയായവിധം തയ്യാറാക്കി 2019 ആഗസ്റ്റ് 10 നകം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ സമർപ്പിക്കുന്നതിന് ഉത്തരവാകുന്നു. ആയത് സമർപ്പിക്കാതെ വരുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (ആഫീസ് മേധാവി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്) പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.**

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. എല്ലാ ഗ്രൂപ്പ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
6. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
7. ഇ.ഡി.പി. സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി